ഉത്തരം

(എ) ഉണ്ട്.

(ബി) 1994-95 മുതലാണ് ഈ രോഗം റിപ്പോർട്ടു ചെയ്യപ്പെട്ടത്. വൈറസ് ബാധമൂലം ഉണ്ടാകുന്ന ഈ രോഗത്തിന് ഫലപ്രദമായ നിവാരണ മാർഗ്ഗങ്ങളോ മരുന്നുകളോ വികസിപ്പിച്ചെടുത്തിട്ടില്ല. ഈ രോഗം പടരാതിരിക്കുന്നതിന് സ്വീകരിച്ച സുരക്ഷാ നടപടികൾ താഴെ ചേർത്തിരിക്കുന്നു:

(1) ചെമ്മീൻ കൃഷിക്കുപയോഗിക്കുന്ന കുഞ്ഞുങ്ങൾ വൈറസ് രോഗ വിമുക്തമാണെന്ന് ഉറപ്പു വരുത്തുന്നതിന് മൂന്ന് പി. സി. ആർ. ലബോറട്ടറികൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(2) സർക്കാർ അംഗീകൃത ഹാച്ചറികളിൽനിന്ന് ഗുണമേന്മയുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ പി. സി. ആർ. പരിശോധന നടത്തി മാത്രം ചെമ്മീൻ പാടങ്ങളിൽ വളർത്തുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നു.

(3) അന്യ സംസ്ഥാനങ്ങളിൽനിന്ന് രോഗപരിശോധന കൂടാതെ ചെമ്മീൻ കുഞ്ഞുങ്ങളെ കൊണ്ടുവന്നു ഫാമിൽ വളർത്തുന്ന രീതി ഒഴിവാക്കുന്നതിന് കർഷകരെ പ്രേരിപ്പിച്ചുവരുന്നു.

(4) ഇതിനായി ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും അഡാക്കിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നുണ്ട്.

(5) ഗുണമേന്മയുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ അവയുടെ നിറം, പ്രതികരണശേഷി എന്നിവ നിരീക്ഷിച്ചും ഹാച്ചറികളിൽനിന്ന് തെരഞ്ഞെടുക്കുന്നതിന് കർഷകർക്ക് പരിശീലനം നൽകുന്നുണ്ട്.

(സി) ഈ രോഗം തടയുന്നതിനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിനുവേണ്ടി അതിന്റെ കാരണങ്ങൾ കണ്ടെത്തുന്നതിന് ഡിപ്പാർട്ട്മെന്റിന്റെ സാമ്പത്തിക സഹായത്തോടെ തൃശ്ശൂർ ജില്ലയിലെ പൊയ്യ ഫാമിൽ പഠനങ്ങൾ നടത്തിവരുന്നു. മൽസ്യ മേഖലയിൽ പ്രവർത്തിച്ചുവരുന്ന കേരള സർവ്വകലാശാല, കാർഷിക സർവ്വകലാശാലയുടെ പനങ്ങാട് ഫിഷറീസ് കോളേജ് എന്നിവയും മൽസ്യ/ചെമ്മീൻ രോഗത്തിന്റെ കാരണത്തിലും നിവാരണ മാർഗ്ഗങ്ങളിലും ഡിപ്പാർട്ട്മെന്റിന്റെ സാമ്പത്തിക സഹായത്തോടെ ഗവേഷണം നടത്തിവരുന്നു.

(ഡി) കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. 2002-2003 വർഷത്തിൽ 15.3 കോടി രൂപയോളം വിള നഷ്ടം ഉണ്ടായതായി താൽക്കാലികമായി കണക്കാക്കിയിട്ടുണ്ട്.

ചെമ്മീൻ ഫാമുകൾ വികസിപ്പിച്ച് എടുക്കുന്നതിന് കുവൈറ്റ് പദ്ധതി

51 [6017] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മീൻ ഫാമുകൾ വികസിപ്പിച്ചെടുക്കുന്നതിന് കുവൈറ്റ് പദ്ധതി നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ പദ്ധതിപ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷി നടത്തിയിട്ടുണ്ട്;

(സി) കുവൈറ്റ് പദ്ധതി നിലവിൽ വന്നത് ഏത് വർഷമാണ്; എത്ര രൂപ ഈ പദ്ധതിക്കുവേണ്ടി ചെലവഴിച്ചു;

(ഡി) ഈ പദ്ധതി മുഖേന എത്ര രൂപ വരുമാനമായി ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലില്ല.

(ബി) 200 ഹെക്ടർ സ്ഥലത്ത് ചെമ്മീൻ കൃഷി നടത്തിയിട്ടുണ്ട്.

(സി) 1993-ൽ. താഴെപ്പറയുന്ന തുക ചെലവഴിച്ചു:

പൊയ്യഫാം	..	183.48	ലക്ഷം രൂപ
ആയിരം തെങ്ങ് ഫാം	..	51.83	ലക്ഷം രൂപ
ചെമ്മീൻ കർഷകർക്ക് വായ്പ	..	400.91	ലക്ഷം രൂപ

(ഡി) അഡാക്ക് നേരിട്ട് കൃഷി നടത്തിയതിൽനിന്ന് 335.42 ലക്ഷം രൂപ വരുമാനമായി ലഭിച്ചു.

ട്രോളിംഗിനുശേഷം മൽസ്യസമ്പത്ത് കുറയുവാൻ കാരണം

52 [6018] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗിനുശേഷം മൽസ്യബന്ധനത്തിൽ കുറവുവന്നിട്ടുണ്ടെന്നും മൽസ്യബന്ധനത്തിനുപോകുന്നവർക്ക് ആവശ്യത്തിന് മൽസ്യം കിട്ടുന്നില്ല എന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ട്രോളിംഗിനു ശേഷം മൽസ്യബന്ധനത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിൽ ഉണ്ടായ വർദ്ധന/കുറവ് എത്രയാണെന്ന് കാണിക്കുന്ന കണക്ക് ലഭ്യമാക്കുമോ;

(ഡി) ട്രോളിംഗ് മൽസ്യസമ്പത്തിന്റെ വർദ്ധനയ്ക്ക് പ്രയോജനപ്രദമാണെന്ന് കാണിക്കുന്ന പഠന റിപ്പോർട്ട് ലഭ്യമാണോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) കണക്കുകൾ ലഭ്യമല്ല.

(ഡി) പഠന റിപ്പോർട്ട് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly